LIBRARY ARCHIVES Kerala Legislative Assembly

സൗരോർജ്ജ വൈദ്യുത പദ്ധതി

206(3638) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുന്നൂറ് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനായി സമീപകാലത്ത് കെ.എസ്.ഇ.ബി. കരാർ ഒപ്പ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് കരാർ ഒപ്പ് വച്ചത്; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) 5-2-2021-ൽ അംഗീകരിച്ച കരാർപ്രകാരം യൂണിറ്റിന് 2.097 രൂപ നിരക്കിലാണ് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നത്. 18-9-2020-ൽ കെ.എസ്.ഇ.ബി. 200 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ ഡീപ് (DEEP) പോർട്ടൽ മുഖേന മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 90 മെഗാവാട്ട് വൈദ്യുതി എൻ.റ്റി.പി.സി. 110 മെഗാവാട്ട് വൈദ്യുതി ടാറ്റാ പവർ കമ്പനി ലിമിറ്റഡ് എന്നിവരിൽ നിന്നും വാങ്ങുന്നതിന് KSERC-യുടെ അനുമതിയോടുകൂടി 6-1-2021-ൽ ലെറ്റർ ഓഫ് അവാർഡ് നൽകുകയുണ്ടായി. 5-2-2021-ൽ പ്രസ്തുത കമ്പനിയുമായി കരാറിലാകുകയും എൻ.റ്റി.പി.സി.-യുടെ കരാറിന് KSERC 21-6-2021-ലും ടാറ്റാ പവർ കമ്പനി ലിമിറ്റഡിന്റെ കരാറിന് 23-6-2021-ലും അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത കരാറുകൾ എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഡാമുകളിൽ നിന്നും സോളാർ വൈദ്യുതി ഉല്പാദനം

207 (3639) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഡാമുകളിലെ ജലാശയങ്ങൾ ഉപയോഗപ്പെടുത്തി സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിൽ വനം വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. ഇടുക്കി റിസർവോയർ, ഇടുക്കി വന്യജീവി സങ്കേതത്തിന്റെ ഭാഗമായതിനാൽ വനം വകുപ്പിതര പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഭാരത സർക്കാരിന്റെ ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ലഭ്യമായതിനുശേഷം മാത്രമേ കഴിയുകയുള്ളുവെന്ന് കേരള വനം വകുപ്പിന്റെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ) അറിയിച്ചു. പ്രഗൽഭരായ ഒരു ഏജൻസിയെക്കൊണ്ട് പരിസ്ഥിതി ആഘാത പഠനം (ഇ.ഐ.എ) നടത്തുന്നതിലേയ്ക്ക് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ബാണാസുരസാഗർ പദ്ധതിക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ ഒന്നാംഘട്ട അനുമതിയിൽ നിഷ്കർഷിച്ചിരുന്ന എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ട്. അന്തിമ അനുമതി വനം വകുപ്പിൽനിന്നും ലഭിക്കേണ്ടതുണ്ട്.

(ബി) നിലവിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്നും ഈ പദ്ധതി കൂടുതൽ ജലാശയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

നിലവിൽ ബാണാസുരസാഗർ റിസർവോയറിൽനിന്നും 500 കിലോവാട്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ ജലാശയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പഠനം പ്രാരംഭദശയിലാണ്.

ഊർജ്ജ കേരള മിഷൻ

208(3640) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഊർജ്ജ കേരള മിഷന്റെ ഭാഗമായി ഇതുവരെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ സോളാർ റൂഫ് ടോപ്പ് പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ?